# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2137 01/02/2018- ൽ മറുപടിയ്ക്ക്

### ചൈൽഡ് വെൽഫെയർ കമ്മറ്റികളുടെയും ജുവനൈൽ ജസ്റ്റിസ് ബോർഡുകളുടെയും പുനഃസംഘടന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ബഹു.ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| സംസ്ഥാനത്തെ ചൈൽഡ് വെൽഫെയർ കമ്മറ്റികളുടെയും ജുവനൈൽ ജസ്റ്റിസ് ബോർഡുകളുടെയും പുനഃസംഘടന പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | പൂർത്തിയായിട്ടില്ല. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം എന്നീ ആറു ജില്ലകളിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെ കാലാവധി 2014 ഡിസംബർ 26 - ന് അവസാനിച്ചിരുന്നു. ആറു ജില്ലകളിലെ കാലാവധി തീർന്ന ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ പുതിയ ചെയർമാൻമാരെയും അംഗങ്ങളേയും ഉൾപ്പെടുത്തി പുന:സംഘടിപ്പിക്കുന്നതിന് അപേക്ഷ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ അപേക്ഷകൾ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് പരിശോധിച്ച് അതിൽ അർഹരായവരെ ഇന്റർവ്യൂ നടത്തി യോഗ്യരായ അപേക്ഷകരുടെ പാനൽ തയ്യാറാക്കി സെലക്ഷൻ കമ്മറ്റി സമർപ്പിച്ചിരുന്നുവെങ്കിലും 2015-ലെ ജെ.ജെ. ആക്ടിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റി/ ജുവനൈൽ ജസ്റ്റിസ് ബോർഡ് അംഗങ്ങളുടെ യോഗ്യതയിൽ വ്യത്യാസമുണ്ടായിരുന്നതിനാൽ പ്രസ്തുത പാനലിൽ നിന്നും ഉള്ള അംഗങ്ങളെ ഉൾപ്പെടുത്തി ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ പുന:സംഘടിപ്പിച്ചിരുന്നില്ല.<br>2016 ഫെബ്രുവരി 5 ന് കാലാവധി കഴിഞ്ഞ ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ പുന:സംഘടിപ്പിക്കുന്നതിനും മെമ്പർമാരെ തെരഞ്ഞെടുക്കുന്നതിനും 14 ജില്ലകളിലെ ജുവനൈൽ ജസ്റ്റിസ് |

ബോർഡുകൾ പുന:സംഘടിപ്പിയ്ക്കുന്നതിനും വേണ്ടി അപേക്ഷ ക്ഷണിച്ചിരുന്നു. കോഴിക്കോട്, വയനാട് ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെ കാലാവധി 2016 ജൂൺ 13 ന് അവസാനിച്ചിട്ടുണ്ട്.

2000 - ലെ പഴയ ജെ.ജെ ആക്റ്റിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രസ്തുത വിജ്ഞാപനങ്ങളും ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സെലക്ട് ലിസ്റ്റുകളും റദ്ദ് ചെയ്ത് കൊണ്ട് 14 ജില്ലകളിലേയും ജുവനൈൽ ജസ്റ്റിസ് ബോർഡുകളും എറണാകുളം ജില്ല ഒഴികെയുള്ള ബാക്കി ചൈൽഡ് വെൽഫെയർ കമ്മിറ്റികളും പുനസംഘടിപ്പിക്കുന്നതിനായി സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ ജുവനൈൽ ജസ്റ്റിസ് ബോർഡ്/ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽ മെമ്പർമാരെ തെരഞ്ഞെടു-ക്കുന്നതിനുള്ള സെലക്ഷൻ കമ്മിറ്റിയുടെ നിർദ്ദേശം അനുസരിച്ച് 2015 ലെ ജുവനൈൽ ജസ്റ്റിസ് (കെയർ ആൻഡ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ടിലെ സെക്ഷൻ 4(3), സെക്ഷൻ 27 (2), 2016 ലെ ജുവനൈൽ ജസ്റ്റിസ് (കെയർ ആൻഡ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) മാതൃകാ ചട്ടങ്ങളിലെ ചട്ടം 4(2), ചട്ടം 15(2) എന്നിവ അടിസ്ഥാനമാക്കിയും സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾ അനുസരിച്ചും സംസ്ഥാനത്തെ 14 ജില്ലകളിലെയും കാലാവധി പൂർത്തിയായ ജുവനൈൽ ജസ്റ്റിസ് ബോർഡുകളും ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റികളും പുന:സംഘടിപ്പിക്കുന്നതിനുവേണ്ടി അപേക്ഷ ക്ഷണിച്ചിരുന്നു.എന്നാൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ ജില്ലകളിലെ സി.ഡബ്ല്യൂ.സി മെമ്പർമാരുടെ നിയമനം സംബന്ധിച്ച് ചില അപേക്ഷകർ ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ അപ്പീൽ ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സെലക്ഷൻ നടപടിക്രമങ്ങൾ ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ